**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911** **31-08-2022 - ൽ മറുപടിയ്ക്ക്**

**വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂളിന് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിനായി, സ്കൂൾ പ്രവർത്തിക്കുന്ന ഭൂമി വിദ്യാഭ്യാസ വകുപ്പിന് വിട്ടുകൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ? | (എ) | 1995-ലെ വഖഫ് നിയമത്തിൽ 2013-ന് ഉണ്ടായ നിയമഭേദഗതി അനുസരിച്ച് 51 (1A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖ്ഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും ടി നിയമം ഇതേ വകുപ്പിലെ പ്രൊവൈസോ പ്രകാരം സംസ്ഥാന വഖ്ഫ് ബോർഡുമായി ആലോചിച്ച് നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്. അത്തരത്തിൽ പൊതുകാര്യത്തിനായി സർക്കാർ വഖഫ് ഭൂമി ഏറ്റെടുക്കുമ്പോൾ ടി ഏറ്റെടുക്കുന്ന വഖഫ് ഭൂമിയ്ക്ക് പകരം നിലവിലുള്ള മാർക്കറ്റ് വില നഷ്ടപരിഹാരമായോ അല്ലെങ്കിൽ ന്യായമായ നഷ്ടപരിഹാരം സഹിതം അനുയോജ്യമായ ഭൂമിയോ നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ